(ബി) 7 ഠൗൺ സ്കീമിന്റെ പദ്ധതിയിൽ 11 കെ.വി. ഭൂഗർഭ കേബിൾ ഇടുവാൻ 25.21 കോടി രൂപയും 26 ഠൗൺ സ്കീമിൽ 11 കെ.വി. ഭൂഗർഭ കേബിൾ ഇടുവാൻ 13.60 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

(സി) 7 ഠൗൺ സ്കീമിൽ ഇതുവരെ 48.643 കി.മീ. ഭൂഗർഭ കേബിൾ ഇടുകയും 26 ഠൗൺ സ്കീമിലെ ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 7 ഠൗൺ സ്കീമിൽ ഉൾപ്പെടുന്ന പണികൾ 2003-2005 കാലയളവിലും 26 ഠൗൺ സ്കീമിലെ പണികൾ 2004-2006 കാലയളവിലും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതി ബോർഡിലെ കരാർ ജോലികളും അമിത ചെലവും

30 [348] ശ്രീ. പി. കെ. കെ. ബാവ:
" കളത്തിൽ അബ്ദുള്ള:
" ചെർക്കളം അബ്ദുള്ള:
" നാലകത്ത് സൂപ്പി:
" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ കരാറുകാരുടെ തൊഴിലാളികളെക്കൊണ്ട് എന്തെല്ലാം ജോലികളാണ് ചെയ്യിപ്പിക്കുന്നത്;

(ബി) കരാറുകാരുടെ ജോലിക്കാർ ചെയ്യുന്ന അതേ ജോലിയ്ക്കായി തന്നെ ബോർഡ് സ്ഥിരമായി ആളുകളെ നിയമിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി.-യിൽ നിന്ന് ബോർഡ് നിയമിച്ച ഇലക്ട്രിസിറ്റി വർക്കർ (മസ്ദൂർ) മാർക്ക് ശമ്പളം നൽകുകയും അതേ പണി നിർവ്വഹിക്കുന്നതിനായി കരാർ വ്യവസ്ഥയിൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) ഇതുമൂലം ബോർഡിന് ഇരട്ടി ചെലവു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ നഷ്ടം ഒഴിവാക്കുന്നതിന് മസ്ദൂർ (സ്ഥിരമായി നിയമിതരായവർ) കാരെക്കൊണ്ട് പണി എടുപ്പിക്കുകയും കരാറുകാരെ ഒഴിവാക്കുകയും ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലൈൻ നിർമ്മാണം, വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കൽ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ, അത്യാവശ്യ അറ്റകുറ്റപ്പണികൾ എന്നിവയാണ് കരാർ ജോലിക്കാരെക്കൊണ്ട് ചെയ്യിക്കുന്നത്.

(ബി—ഇ) ബോർഡിലെ ജീവനക്കാരുടെ അഭാവത്തിൽ മാത്രമേ കരാർ ജോലിക്കാരെ ഓരോ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താറുള്ളൂ. സ്ഥിരം ജീവനക്കാരെ ലഭ്യമാക്കുന്ന മുറയ്ക്ക് കരാർ ജോലിക്കാരെ ഒഴിവാക്കാറുമുണ്ട്. അതിനുള്ള കർശന നിർദ്ദേശം എല്ലാ ഓഫീസിലും നൽകിയിട്ടുണ്ട്. അതുകൊണ്ട് ബോർഡിന് ഒരു അധിക ചെലവും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly